**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** | 24.07.2012 ൽ
**ചോദ്യം നംപർ. 8131** | **മറുപടി ക്ക്**

**കശുവണ്ടി മേഖലയുടെ ബ്രാൻഡ് രൂപപ്പെടുത്താനുള്ള പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>" എം.പി. വിൻസെന്റ്<br>" വി.റ്റി. ബൽറാം<br>" ഹൈബി ഈഡൻ | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പ് മന്ത്രി) |
| (എ) കശുവണ്ടി മേഖല ആധുനികവൽക്കരിക്കാനും ബ്രാൻഡ് രൂപപ്പെടുത്താനുമുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ആധുനികവൽക്കരണത്തിന്റെ ഭാഗമായി കോർപ്പറേഷൻ ഫാക്ടറികൾ അന്താരാഷ്ട്ര നിലവാരത്തിലുള്ളതായി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫാക്ടറി ഷെഡുകളുടെ നവീകരണം, ഇലക്ട്രിക് ബോർമ്മാ സ്ഥാപനം, ഫ്ലക്സി പാക്കിംഗ് സിസ്റ്റം, തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉതകുന്നതക്ക തരത്തിലുള്ള വിവിധ പദ്ധതികൾ, പ്രോഡക്റ്റുകളുടെ വൈവിദ്ധ്യവൽക്കരണം എന്നീ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതാണ്. കൂടാതെ കോർപ്പറേഷന്റെ ഫാക്ടറികൾ അന്താരാഷ്ട്ര നിലവാരത്തിൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2 ഫാക്ടറികൾ ഐ.എസ്.ഒ. നിലവാരത്തിലുള്ളതായി മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങളും നടത്തി വരികയാണ്.<br><br>കശുവണ്ടി വികസന കോർപ്പറേഷൻ സി.ഡി.സി. കാഷ്യൂസ് എന്ന ബ്രാൻഡ് നെയിമിലാണ് ഉൽപ്പന്നങ്ങൾ വിപണിയിലിറക്കുന്നത്. കശുവണ്ടി വികസന കോർപ്പറേഷന്റെ ബ്രാൻഡഡ് പ്രോഡക്റ്റ്സ് അന്തർദേശീയ മാർക്കറ്റിൽ വിപുലപ്പെടു |

ത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് ആധുനിക വൽക്കരണത്തിനായി 6.9 കോടി രൂപയും ബ്രാൻഡ് രൂപപ്പെടുത്തുന്നതിന് ഒരു കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

കശുവണ്ടി മേഖല ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി കാപെക്സിന് ആവശ്യമായ ഫണ്ട് നൽകിവരുന്നു. അതിന്റെ ഭാഗമായി ഫാക്ടറി ഷെഡുകളും, കുട്ടികളുടെ തൊട്ടിപ്പുരകളും, മൂത്രപ്പുരകളും ആധുനിക വൽക്കരിക്കുകയും ഷെഡ്ഡുകളിൽ ഫാനുകളും, ലൈറ്റുകളും ഫിറ്റ് ചെയ്തു. കാപെക്സിന്റെ 10 ഫാക്ടറികളിലും കശുവണ്ടി പരിപ്പാക്കുന്ന തിനാവശ്യമായ കട്ടിംഗ് മെഷീനുകൾ, ഇലക്ട്രിക് ബോർമ്മകൾ എന്നിവ സ്ഥാപിച്ചു. കശുവണ്ടി പരിപ്പിന്റെ വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി കശുവണ്ടി പരിപ്പിൽ നിന്നും പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ രൂപപ്പെടുത്തുന്ന തിനാവശ്യമായ പദ്ധതികൾക്ക് കാപെക്സ് രൂപം നൽകി വരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സി.എഫ്.റ്റി.ആർ.ഐ യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരിപ്പിൽ നിന്നും കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി കശുവണ്ടി വികസന കോർപ്പറേഷന്റെ ഉൽപ്പന്നങ്ങൾക്ക് നല്ല വിപണന സാദ്ധ്യതയുള്ള കൂടുതൽ മാർക്കറ്റുകൾ കണ്ടെത്തി കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിച്ച് തൊഴിലാളികൾക്ക് തുടർച്ചയായി ജോലിയും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തുകയും ലാഭകരമായി പ്രവർത്തിക്കുകയുമാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്.

കാപെക്സ് കശുവണ്ടി മേഖലയിലേയ്ക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുക, വർഷം മുഴുവനും തൊഴിൽ ഉറപ്പുവരുത്തുക, തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, കശുവണ്ടി പരിപ്പ് കൊണ്ട് പുതിയ ഉൽപ്പന്നങ്ങൾക്ക് രൂപം കൊടുക്കുക, പുതിയ കശുവണ്ടി ഉൽപ്പന്നങ്ങൾ മുഖേന ലോക മാർക്കറ്റിൽ കശുവണ്ടി പരിപ്പിന് സ്ഥാനം കണ്ടെത്തുക, കശുവണ്ടി പരിപ്പിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന പുതിയ ഉൽപ്പന്നങ്ങൾ

ഇൻഡ്യയിൽതന്നെ വിൽക്കുന്നതിനാവശ്യമായ വിപണി വർദ്ധിപ്പിക്കുക എന്നിവ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. കാപെക്സ് കശുവണ്ടി പരിപ്പിന് ഇന്റർനാഷണൽ ബ്രാൻഡ് അംഗീകാരം നേടിയെടുക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്ക് എന്തു തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

(സി) കശുവണ്ടി വികസന കോർപ്പറേഷനിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ മാർക്കറ്റ് വിപുലീകരണത്തിന് 2012-13 ബഡ്ജറ്റിൽ ഒരു കോടി രൂപ അനുവദിച്ചു. അത്രയും തന്നെ ചിലവ് പ്രതീക്ഷിക്കുന്നു.

കാപെക്സിൽ ഇന്റർനാഷണൽ ബ്രാൻഡ് ബിൽഡിംഗ് എന്ന പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തി മാർക്കറ്റ് കണ്ടെത്തുന്നതുവരെ ഏകദേശം ഒരു കോടിയോളം രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ ചിലവ് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ